

# യഥാർത്ഥ വാതിലിലൂടെ കടന്നുവന്ന നല്ല ഇടയൻ


**പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ**


“ഇന്നു മലങ്കരസഭയെ സംബന്ധിച്ചിടത്തോളം സുസ്മരണീയമായ ഒരു ദിവസമാണ്. പ. കാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമന് അനാരോഗ്യം മൂലം ചുമതലകൾ നിർവ്വഹിക്കാൻ ബുദ്ധിമുട്ടായതിനെത്തുടർന്ന് മലങ്കരമെത്രാപ്പോലീത്തായായ മാത്യൂസ് മാർ അത്താനാസിയോസ് കിഴക്കിന്റെ കാതോലിക്കായായി അവരോധിക്കപ്പെടുകയാണ്. വിശുദ്ധ യോഹന്നാന്റെ സുവിശേഷം 10–ാം അദ്ധ്യായമാണ് ഇന്ന് ഏവൻഗേലിയോനിൽ വായിക്കുന്നത്. നല്ല ഇടയന്റെ മൂന്നു ലക്ഷണങ്ങൾ അവിടെ എടുത്തു പറയുന്നുണ്ട്.

ഒന്നാമത്, നല്ല ഇടയൻ വാതിലിലൂടെ കടക്കുന്നവനാകുന്നു. വാതിൽ കാവൽക്കാരൻ അവനു വാതിൽ തുറന്നു കൊടുക്കുന്നു. ആ വാതിലിലൂടെ അകത്തു കടക്കുന്ന ഇടയൻ ആടുകളെ പേർചൊല്ലി വിളിക്കുന്നു. ആടുകൾ അവന്റെ ശബ്ദം അറിയുന്നു. അവ ഇറങ്ങിച്ചെല്ലുന്നു. “അവൻ അവയുടെ മുമ്പേ നടക്കുന്നു.” വേദഭാഗം നമ്മെ പഠിപ്പിക്കുന്നതു വാതിലിലൂടെ കടക്കുന്നവനാണു നല്ല ഇടയൻ എന്നാണ്. പുറംവാതിലിലൂടെ കടക്കുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു. അവൻ തന്റെ ആടുകളെയും ആടുകൾ അവനെയും അറിയുന്നില്ല. അതിനാൽ ആടുകൾ അവനെ അനുസരിക്കുന്നില്ല.

രണ്ടാമത്, നല്ല ഇടയൻ ആട്ടിൻപറ്റങ്ങളെ പച്ചയായ പുൽപ്പുറങ്ങളിലേയ്ക്കു നയിക്കുന്നു. സഭാമക്കളാകുന്ന ആടുകൾക്കു പ്രതിബന്ധങ്ങൾ തരണംചെയ്ത് ആത്മീയമായ ആഹാരം ലഭ്യമാക്കുക എന്നതു നല്ല ഇടയന്റെ ചുമതലയാണ്.

മൂന്നാമത്, നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവൻ കൊടുക്കുന്നു. കൂലിക്കാരനോ ചെന്നായ് വരുന്നതു കണ്ട് ഓടിക്കളയുന്നു.

സഭാപിതാവ് സഭാമക്കളെ സംബന്ധിച്ചിടത്തോളം നല്ല ഇടയനാണ്. നേരായ വാതിലിലൂടെ അകത്തു കടക്കുന്നയാളാണു യഥാർത്ഥ സഭാപിതാവ്. അദ്ദേഹം നല്ല ഇടയനാണ്. നേരായ മാർഗ്ഗത്തിലൂടെയല്ലാതെ സഭയുടെ നേതൃസ്ഥാനത്തു വരുന്നയാൾ നല്ല ഇടയനല്ല.

സഭാമക്കൾക്കു നല്ല മേച്ചിൽസ്ഥലങ്ങൾ കണ്ടെത്താനുള്ള ചുമതല സഭാപിതാവിന്റേതാണ്. ലക്ഷക്കണക്കിനുള്ള സഭാമക്കൾക്കായി നല്ല മെത്രാന്മാരെ സഭയ്ക്കു നൽകാനുള്ള ചുമതല നേതാവിനാണ്. സഭാമക്കളെ ചെന്നായ്ക്കളിൽ നിന്നു രക്ഷിക്കാനുള്ള ഉത്തരവാദിത്വവും സഭാതലവന്റേതു തന്നെ.

ഇന്നു ചെന്നായ്ക്കൾ ധാരാളമായി ആട്ടിൻപറ്റത്തിലേക്കു കയറിവരുന്ന കാലമാണ്. അതുകൊണ്ടു നല്ല ഇടയൻ ഓടിപ്പോവുകയില്ല. വേണ്ടിവന്നാൽ ചെന്നായ്ക്കളോടു യുദ്ധം ചെയ്ത് ആടുകളെ രക്ഷിയ്ക്കും.

നമുക്കിന്നു നല്ല ഇടയനെ ലഭിക്കുന്നു. സമർത്ഥനായ നല്ലയിടയനായി നിന്റെ ദാസനെ വാഴിക്കണമേ എന്ന് നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം.

(പ. ബസേലിയോസ് മാത്യൂസ് പ്രഥമൻ ബാവായുടെ കാതോലിക്കാവാഴ്ച ശുശ്രൂഷയിൽ ചെയ്ത പ്രസംഗം)